# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1416** — 08.02.2013-ൽ മറുപടിയ്ക്ക്

## തലസ്ഥാനത്ത് മോണോറയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.മുരളീധരൻ**<br>**,, എ.റ്റി. ജോർജ്**<br>**,, ആർ.സെൽവരാജ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്ത് മോണോറയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) തലസ്ഥാനത്ത് മോണോറെയിൽ പദ്ധതിയുടെ സാധ്യതാപഠനം നാട്പാക്കും, തുടർന്ന് അതിന്റെ ഒന്നാം ഘട്ടത്തിന്റെ വിശദമായ പഠന റിപ്പോർട്ട് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനും (ഡി.എം.ആർ.സി) തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പദ്ധതി നടത്തിപ്പിന്റെ ജനറൽ കൺസൾട്ടന്റായി ഡി.എം.ആർ.സി യെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനം പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br>(ഡി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി)& (ഡി):<br>ഉണ്ട്. ടെക്നോസിറ്റി മുതൽ കരമന വരെയും കരമന മുതൽ നെയ്യാറ്റിൻകര വരെയും രണ്ട് ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കുവാനാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്. ആദ്യം നടപ്പിലാക്കാനുദ്ദേശിക്കുന്ന ടെക്നോസിറ്റി മുതൽ കരമന വരെ 22.2 കി.മീ ദൈർഘ്യമുള്ള ഒന്നാം ഘട്ടത്തിൽ 19 സ്റ്റേഷനുകൾ ഉണ്ടായിരിക്കും. നിലവിലുള്ള ദേശീയപാതയുടെ മധ്യഭാഗത്ത് കൂടി ഉയരത്തിലായിരിക്കും മോണോ റെയിൽ കടന്നുപോകുക. ഏകദേശം 3590 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക. |

**സെക്ഷൻ ഓഫീസർ**